# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

## കരട് രേഖ

## പാലക്കാട് ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്



## പാലക്കാട് ജില്ലയിൽ പട്ടാമ്പി താലൂക്കിലെ പട്ടാമ്പി - പള്ളിപ്പുറം റയിൽവേ സ്റ്റേഷനുകൾക്കിടയിലായി പാലത്തറ ഗേറ്റ്, L.C.No.167നു പകരം സുശീലപ്പടി റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ

**ഫെബ്രുവരി 1, 2025**


**അർത്ഥനാധികാരി**

റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെൻ്റ് കോർപ്പറേഷൻ, കേരള
(ഒരു കേരള സർക്കാർ സംരംഭം)
മഹാകവി വൈലോപ്പിള്ളി റോഡ്
പാലാരിവട്ടം, കൊച്ചി – 682025
ഫോൺ : 0484–2338205

**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽപഠന യൂണിറ്റ്**

രാജഗിരി ഔട്ട്റീച്ച്
രാജഗിരികോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്),
രാജഗിരി.പി.ഒ. കളമശേരി, പിൻ: 683 104,
കൊച്ചി, ഫോൺ: 0484 2911332/2550785
outreach@rajagiri.edu, www.rajagiri.edu

## ഉള്ളടക്കം

**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10.ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവരശേഖരണത്തിനുപയോഗിച്ച മാർഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും ടി മാർഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും.

**അദ്ധ്യായം 5:ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.**

5.1 കുടുംബങ്ങളുടെ എണ്ണം

5.1.1. പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യതലവും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7 :സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

7.7. സാമൂഹ്യപ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും

**അദ്ധ്യായം 8 :സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി നിർവ്വഹണ സ്ഥാപന സംവിധാനം**

8.1. ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9 :സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രിത പ്രവർത്തനങ്ങളും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ്രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

## പട്ടികകൾ

1.3.1. ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ

1.5.1. പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാതങ്ങൾ

1.6.1.സംഭവ്യമായസാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

4.8.1. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ കാലയളവ്

5.1.1. പദ്ധതിബാധിതരാകുന്ന ഭൂവുടമകൾ

5.6.1. പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റിയ വൃക്ഷങ്ങളുടെ വിവരം

6.1.1. പദ്ധതിബാധിത കുടുംബാംഗങ്ങളുടെ പ്രായവും ലിംഗഭേദവും

6.2.1. പദ്ധതിബാധിത കുടുംബാംഗങ്ങളുടെ മാസവരുമാനവും ചെലവും

6.2.2. പദ്ധതിബാധിത കുടുംബങ്ങൾക്ക് ലഭ്യമായിട്ടുള്ള റേഷൻ കാർഡിന്റെ വിവരങ്ങൾ

7.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

## ചിത്രങ്ങൾ

2.6.1. പദ്ധതിയുടെ രൂപരേഖ

4.1.1. പദ്ധതിപ്രദേശത്തിന്റെ ലൊക്കേഷൻ മാപ്പ്

4.7.1. പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം

6.2.1. പദ്ധതിബാധിത കുടുംബങ്ങളിലെ വരുമാനദായകരുടെയും ആശ്രിതരുടെയും അനുപാതം

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1 പദ്ധതിയും പൊതു ആവശ്യവും

ഒരു രാജ്യത്തിൻെറ അഭിവൃദ്ധി അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തെ ആശ്രയിച്ചിരിക്കുന്നു. ജനങ്ങളുടെയും ചരക്കുകളുടെയും ഗതാഗതത്തിന് അനുയോജ്യമായ അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിന് ഒരു മുൻ ഉപാധിയാണ്. ആയതിനാൽ റോഡുകൾ, പാലങ്ങൾ, റെയിലുകൾ എന്നിവ ഉൾപ്പടെയുള്ള ഗതാഗത അനുബന്ധ സൗകര്യങ്ങളുടെ വികസനം നടപ്പിലാക്കുന്നതിൽ മാറി മാറി വരുന്ന ഭരണ സംവിധാനങ്ങൾ ശ്രദ്ധ ചെലുത്തുന്നുണ്ട്.

ലെവൽ ക്രോസിങ്ങിലൂടെ കടന്ന് പോകുന്ന തീവണ്ടികളുടെയും മറ്റ് വാഹനങ്ങളുടെയും ആകെ എണ്ണം 1 ലക്ഷത്തിന് മുകളിലാണെങ്കിൽ അവിടെ ലെവൽ ക്രോസിങ്ങിന് പകരമായി നിർബന്ധമായും മേൽപ്പാലം നിർമ്മിക്കണമെന്നതാണ് റെയിൽവേയുടെ നിബന്ധന. ആയതിനാൽ പ്രദേശത്തെ ഗതാഗതം സുഗമമാക്കുന്നതിനും റെയിൽവേയുടെ സുരക്ഷിതത്വത്തിനും വേണ്ടി പാലത്തറ റെയിൽവേ ഗേറ്റ് L.C No. 167—ന്പകരമായി സുശീലപ്പടി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് 2016–2017ൽ തന്നെ അനുമതി ലഭിച്ചിരുന്നതായി വിശദമായ പദ്ധതി രേഖയിൽ പറയുന്നു. 2016–2017 വർഷത്തിലെ റെയിൽവേയുടെ പിങ്ക് ബുക്കിൽ റെയിൽവേ നിർമ്മാണങ്ങളുടെ ലിസ്റ്റിൽ ഐറ്റം നമ്പർ 138 ആയി പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. 27/09/2016തീയതിയിലെ സർക്കാർ ഉത്തരവ് G.O (Rt) No. 1324/2016/PWD ക്രമനമ്പർ 5 പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ടി പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ഗവൺമെൻറ ഓഫ് കേരളയുടെ 27.09.2016 തീയതിയിലെ GO(Rt)No.324/2016/PWD പ്രകാരം, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെൻറ് ഫണ്ട് ബോർഡിൽ നിന്ന് ഫണ്ട് ലഭിക്കുന്നതിനായി 1005 കോടി രൂപ വിലയിരുത്തപ്പെട്ട 51 പദ്ധതികൾക്ക് അഡ്മിനിസ്ട്രേറ്റീവ് അനുമതി നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കരിയന്നൂരിലെ മേൽപ്പാല നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ പരുതൂർ പഞ്ചായത്തിലെ ഒരു ഗ്രാമമാണ് കരിയന്നൂർ. ഏകദേശം 100 കുടുംബങ്ങൾ കരിയന്നൂരിൽ താമസിക്കുന്നു. ഇവിടെ റയിൽവേ ലൈൻ, റോഡ് തലത്തിൽ നിന്നും ഏകദേശം 6 മീറ്റർ താഴെയായി കടന്നുപോകുന്നു. ഇത് കരിയന്നുരിനെ രണ്ടായി വിഭജിക്കുന്നു. തൂതപ്പുഴ പടിഞ്ഞാറു ഭാഗത്തും ഭാരതപ്പുഴ തെക്കു ഭാഗത്തും ഒഴുകുന്നു. അതിനാൽ കരിയന്നൂരിലേക്കുള്ള ഏക റോഡ് കണക്ഷൻ തൃത്താല –വളാഞ്ചേരി റോഡിൽ നിന്ന് വരുന്ന റോഡുകളിലൂടെയാണ്. പരുതൂർ ഗ്രാമപഞ്ചായത്ത് ഓഫീസും പള്ളിപ്പുറം റെയിൽവേ സ്റ്റേഷനും റെയിൽവേ ട്രാക്കിൻെറ തെക്ക് ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ഇപ്പോൾ വടക്കൻ കരിയന്നൂരിൽ താമസിക്കുന്നവർ പഞ്ചായത്ത് ഓഫീസിലും, റെയിൽവേ സ്റ്റേഷനിലും എത്തിച്ചേരുവാൻ തൃത്താല –വളാഞ്ചേരി റോഡു വഴി 8.5 കിലോ മീറ്റർ സഞ്ചരിക്കണം. കരിയന്നൂരിൽ ഒരു മേൽപ്പാലം നിർമ്മിക്കുകയാണെങ്കിൽ ഈ ദൂരം 2.5 കിലോ മീറ്റർ ആയി കുറയ്ക്കാൻ സാധിക്കും. വടക്കൻ കരിയന്നൂരിൽ താമസിക്കുന്ന നിരവധി കുട്ടികൾ തെക്കൻ കരിയന്നുരിലെ എൽ.പി സ്ക്കൂളിൽ പഠിക്കുന്നു. ഈ കുട്ടികൾക്ക് റെയിൽവേ ട്രാക്ക് കടന്നു വേണം സ്ക്കൂളിൽ എത്തിച്ചേരുവാൻ. ആയതിനാൽ മേൽപ്പാല നിർമ്മാണം വടക്കൻ കരിയന്നൂർ നിവാസികൾക്ക് വളരെ അത്യാവശ്യമാണ്.

പാലക്കാട് ജില്ലയിലെ പാലത്തറ ഗേറ്റ് L.C.No.167പകരമായി സുശീലപ്പടി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് 24/02/2024 തീയതിയിലെ സർക്കാർ ഉത്തരവ് G.O (Rt) No.717/2024/RD പ്രകാരം കേരള സർക്കാർ ഭരണാനുമതി നൽകി. കിഫ്ബിയുടെ ഫണ്ടുപയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് റോഡ്സ് & ബ്രിഡ്ജസ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിനെ അർത്ഥനാധികാരി ആയി ചുമതലപ്പെടുത്തി.

**1.2. പദ്ധതിപ്രദേശം**

പാലക്കാട് ജില്ലയിൽ, പട്ടാമ്പി താലൂക്കിൽ പള്ളിപ്പുറം – പട്ടാമ്പി ജംഗ്ഷൻ റയിൽവേ സ്റ്റേഷനുകൾക്കിടയിലാണ് പാലത്തറ ഗേറ്റ് L.C.No.167സ്ഥിതി ചെയ്യുന്നത്. പ്രസ്തുത ലെവൽ ക്രോസിങ്ങിനു പകരമായി സുശീലപടി മേൽപ്പാലം നിർമ്മിക്കുന്നതിനായി പരുതൂർ വില്ലേജിൽ ബ്ലോക്ക് 18 സർവ്വെ നമ്പറുകളിൽ നിന്നും 0.9500 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ളത്. ടി പ്രദേശങ്ങൾ ജനവാസ സ്ഥലങ്ങളും, നെൽവയലുകളുമാണ്.

**1.3 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിസ്താരവും സ്വഭാവവും**

2024 ഡിസംബർ 18-ാം തീയതിയിലെ Vol.No. XIII 4000-ാം നമ്പർ കേരളഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ പാലക്കാട് ജില്ലാകളക്ടറുടെ 2024 ഡിസംബർ 17-ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCPKD/1375/2024-C4 പ്രകാരം പരുതൂർ വില്ലേജിൽ ബ്ലോക്ക്-18ൽ നിന്നും 0.9500 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. നിർദ്ദിഷ്ട ഭൂമി 11 സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട പുരയിടം, നിലം വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്.

ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന്റെ സർവ്വേ നമ്പരുകൾ താഴെ വിവരിക്കുന്നു.

**പട്ടിക 1.3.1 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ**

ജില്ല - പാലക്കാട് വില്ലേജ് - പരുതൂർ
താലൂക്ക് - പട്ടാമ്പി ബ്ലോക്ക് - 18
(ഏകദേശ വിസ്തീർണമാണ് കൊടുത്തിരിക്കുന്നത്)

**പട്ടിക-1**

| *ക്രമനമ്പർ* | *ബ്ളോക്ക് നമ്പർ* | *സർവ്വെ നമ്പർ* | *വിവരണം* | *വിസ്തീർണ്ണം (ഹെക്ടർ)* |
|---|---|---|---|---|
| 1 | 18 | 231 Pt | പുറമ്പോക്ക് റോഡ് | 0.0100 |
| 2 | 18 | 232 Pt | പുരയിടം | 0.0300 |
| 3 | 18 | 323 Pt | നിലം | 0.3700 |
| 4 | 18 | 325 Pt | നിലം | 0.1100 |
| 5 | 18 | 328 Pt | നിലം | 0.0200 |
| 6 | 18 | 329 Pt | പുറമ്പോക്ക് റെയിൽ വേ | 0.0200 |
| 7 | 18 | 349 Pt | പുരയിടം | 0.2100 |
| 8 | 18 | 350 Pt | പുരയിടം | 0.1000 |
| 9 | 18 | 351 Pt | പുരയിടം | 0.0600 |
| 10 | 18 | 352 Pt | പുരയിടം | 0.0100 |
| 11 | 18 | 357 Pt | പുരയിടം | 0.0100 |
| | **ആകെ 0.9500** | | | |

### 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

KIIFB/IRC, IRS എന്നിവയുടെ മാർഗനിർദേശ പ്രകാരമുള്ള പദ്ധതി പ്രദേശ പഠനത്തിനും വിലയിരുത്തലുകൾക്കും ശേഷമാണ് നിർമ്മാണ രൂപരേഖ തയ്യാറാക്കപ്പെട്ടിട്ടുള്ളത്. വിശദ മായ ടോപോഗ്രഫിക് ജിയോടെക്നിക്കൽ പഠനത്തിനും ശേഷമാണ് സുശീലപ്പടി മേൽപ്പാല ത്തിന്റെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. പദ്ധതിക്കു വേണ്ടി സമർപ്പിക്കപ്പെട്ട 3 രൂപരേഖ യിൽ നിന്നും ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവും കെട്ടിടങ്ങളും പരിമിതപ്പെടുത്തൽ, താരത മ്യേന കുറഞ്ഞ ചെലവ്, പ്രദേശത്തു കൂടിയുള്ള ഗതാഗതം സുഗമമാക്കൽ, പദ്ധതി ഏറ്റവും കൂടുതൽ ഉപയോഗപ്രദമാകൽ തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചു കൊണ്ടാണ് പദ്ധതിക്ക് വേണ്ടി സമർപ്പിക്കപ്പെട്ട രൂപരേഖകളിൽ നിന്ന് രണ്ടാമത്തെ രൂപരേഖ തീരുമാനിക്കപ്പെട്ടി രിക്കുന്നത്.

### 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

പാലക്കാട് ജില്ലയിൽ പട്ടാമ്പി - പള്ളിപ്പുറം സ്റ്റേഷനുകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന ലെവൽ ക്രോസ് നമ്പർ 167 നു പകരമായി സുശീലപ്പടിയിൽ റെയിൽവേ മേൽപ്പാലം നിർമ്മി ക്കുക എന്ന പദ്ധതി നിലവിൽ വരുമ്പോൾ പ്രസ്തുത പ്രദേശത്ത് സുഗമമായ വാഹന ഗതാഗതവും, ട്രെയിൻ ഗതാഗതവും സാധ്യമാകുകയും പ്രദേശത്തിന്റെ സമഗ്ര വികസന ത്തിന് വഴി തെളിയുകയും ചെയ്യും. എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കു മ്പോൾ പദ്ധതി ബാധിതരാകുന്ന ഭൂവുടമകൾക്കും പദ്ധതിപ്രദേശത്തെ ആശ്രയിച്ച് ജീവി ക്കുന്ന കുടുംബങ്ങൾക്കും വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ടെന്ന് പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിന്റെയും പദ്ധതി ബാധിത കുടുംബങ്ങളിൽ നടത്തിയ സർവ്വെയുടെയും വെളിച്ചത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു. പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾ ജന വാസ സ്ഥലങ്ങളും കൃഷി സ്ഥലങ്ങളുമാണ്. ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെ ട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള വസ്തുവകകൾ 20 വ്യക്തികളുടെ ഉടമസ്ഥതയിലുള്ള താണെന്ന് മനസിലാക്കുന്നു. പ്രസ്തുത ഭൂവുടമകൾക്ക് ടി സ്ഥലം ഏറ്റെടുക്കുന്നത് മൂലം വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ട്. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ, അതായത് നിർമ്മാണഘട്ടത്തിലും നിർവ്വഹണഘട്ടത്തിലും പരിസരവാസികൾക്ക് ഉണ്ടാകുവാ നിടയുള്ള ആരോഗ്യകരമായ പ്രശ്നങ്ങൾ, സഞ്ചാര സ്വാതന്ത്ര്യം നഷ്ടമാകുവാനിടയുള്ള

സാഹചര്യങ്ങൾ എന്നിവയും സാമൂഹ്യ പ്രത്യാഘാതങ്ങളായി വിലയിരുത്തപ്പെടുന്നു. പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി പഠനസംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും ഭൂവുടമകളെ നേരിട്ടും ടെലിഫോൺ മുഖാന്തിരവും ബന്ധപ്പെട്ട് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ സാമൂഹ്യ പ്രത്യാഘാതങ്ങൾ തുടർന്ന് വിലയിരുത്തുന്നു.

**പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ**

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ | വിശദീകരണം |
|---|---|---|
| 1 | കൈവശഭൂമി നഷടമാകൽ/അളവ് കുറയൽ | 20 ഭൂവുടമകൾ |
| 2 | വീട്പദ്ധതിബാധിതമാകൽ | 3 വീട് |
| 3 | അവശ്യ സൗകര്യങ്ങൾ നഷ്ടമാകൽ | പൈപ്പ് കണക്ഷൻ-7, |
| 4 | വരുമാനം നഷ്ടമാകൽ | 4 ഭൂവുടമകൾ |
| 5 | കെട്ടിടങ്ങൾ അല്ലാതെയുള്ള മറ്റ് നിർമ്മിതികൾപദ്ധതി ബാധിതമാകൽ | ചുറ്റുമതിൽ-9,<br>ഷീറ്റിട്ട ഷെഡ് -1,ഗേറ്റ്-8,<br>ടൈലിട്ട മുറ്റം-4 |
| 6 | വൃക്ഷങ്ങൾ നഷ്ടമാകൽ | തെങ്ങ്-48, പ്ലാവ്-15. കവുങ്ങ്-40 മാവ്-24 ജാതി-6, കുരുമുളക്-25 കറുകപ്പട്ട-2, വാഴ-10, ആഞ്ഞിലി-1 ഇലഞ്ഞി-1, വേപ്പ്-2, തേക്ക്-1 പാഴ്മരം-6, മുരിങ്ങ-1, മഹാഗണി-38 |
| 7 | പ്രവേശന മാർഗം/വഴി തടസപ്പെടൽ | പദ്ധതി നിർമ്മാണ ഘട്ടത്തിൽ പ്രദേശത്തെ വീടുകളിലേക്ക് പ്രവേശനവും, യാത്രക്കാർക്ക് സഞ്ചാരവും തടസപ്പെടുവാനുള്ള സാധ്യത |
| 8 | ആരോഗ്യ പ്രശ്നങ്ങൾ/ അപകട സാധ്യതകൾ | നിർമ്മാണഘട്ടത്തിൽ പൊടിശല്ല്യം ശബ്ദ മലിനീകരണം എന്നിവയ്ക്കുള്ള സാധ്യതകൾ |
| 9 | പരിസര മലിനീകരണം | നിർമ്മാണ മാലിന്യങ്ങൾ മൂലം |

### 1.6 ലഘൂകരണ നടപടികൾ

പാലക്കാട് ജില്ലയിൽ പട്ടാമ്പി - പള്ളിപ്പുറം സ്റ്റേഷനുകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന പാലത്തറ L.C.No.167 പകരമായി സുശീലപ്പടിയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്ന തിനുവേണ്ടി പരുതൂർ വില്ലേജിൽ നിന്നും ഏകദേശം 0.9500 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013, കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD& 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്. പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയ പദ്ധതിയുടെ വിവിധഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശ ങ്ങളും പട്ടിക 1.6.1.ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായസാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷടമാകൽ/അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 2 | ഭൂമിയോട് ചേർന്നുള്ള ചമയങ്ങൾ (അവശ്യ സൗകര്യങ്ങൾ, ചുറ്റുമതിൽ മുതലായവ) നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 3 | വീട് നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 4 | വരുമാനം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 5 | പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണഘട്ടത്തിലും നിർവ്വഹ ണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളി ലേക്കും വസ്തുവകകളിലേക്കും പ്രവേശ |

| | | |
|---|---|---|
| | | നം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം |
| 6 | പദ്ധതിനിർമ്മാണഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശ്നങ്ങൾ /അപകടസാധ്യതകൾ | പദ്ധതിനിർമ്മാണഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണ ഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം. നിർമ്മാണഘട്ടത്തിൽ തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻ കരുതലുകൾ സ്വീകരിക്കണം. |
| 7 | നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം ഉണ്ടാകുവാനിടയുള്ള പരിസരമലിനീകരണം | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം |
| 8 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. |

# അദ്ധ്യായം 2
# പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

കേരള സംസ്ഥാനത്തിൻെറ ഒരു രജിസ്റ്റേർഡ് കമ്പനിയായ റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ കേരള ലിമിറ്റഡിനെ (ആർ.ബി.ഡി.സി.കെ) റിങ്ങ് റോഡ്, റെയിൽവേ മേൽപ്പാലം, ഫ്ലൈ ഓവർ തുടങ്ങി വിവിധ ഗതാഗത പദ്ധതികളുടെ നിർവ്വഹ ണത്തിനായി സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നു. റെയിൽവേ മേൽപ്പാല നിർമ്മാണങ്ങ ളുടെ ഒരു നോഡൽ ഏജൻസിയാണ് ആർ.ബി.ഡി.സി.കെ. കേരള സർക്കാരിൻെറ 19/04/2018 തീയതിയിലെ സർക്കാർ ഉത്തരവ് G.O (Rt) No. 718/2018/PWD പ്രകാരം 38 മേൽ/ കീഴ്പാല ങ്ങളുടെ നിർമ്മാണം 878 കോടി രൂപ ചെലവിൽ നിർവ്വഹിക്കുന്നതിന് റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിനെ ചുമതലപ്പെടു ത്തിയിരിക്കുന്നു. പ്രസ്തുത ഭരണാനുമതിയിൽ ക്രമനമ്പർ 5 ആയി സുശീലപടി മേൽപ്പാല നിർമ്മാണം ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ 2016–2017 വർഷത്തിലെ നിർമ്മാണ പ്രവർത്ത നങ്ങളുടെ ലിസ്റ്റിൽ ക്രമനമ്പർ 138 ആയി പദ്ധതി നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതി നാൽ എൽ.സി. നമ്പർ 167 നു പകരം മേൽപ്പാലം നിർമ്മാണത്തിനുള്ള ചുമതല വഹിക്കുന്നത് ആർ.ബി.ഡി.സി.കെ. ആണ്. പദ്ധതി നിർവ്വഹണത്തിനായ് 39.84 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുശാസിക്കുന്ന പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ.എ.(ജനറൽ–2), പാലക്കാട് ആണ്.

### 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

പാലക്കാട് ജില്ലയിലെ പരുതൂർ പഞ്ചായത്തിലെ ഒരു ഗ്രാമമാണ് കരിയന്നൂർ. ഏകദേശം 100 കുടുംബങ്ങൾ കരിയന്നൂരിൽ താമസിക്കുന്നു. ഇവിടെ റയിൽവേലൈൻ, റോഡ് തലത്തിൽ നിന്നും ഏകദേശം 6 മീറ്റർ താഴെയായി കടന്നുപോകുന്നു. ഇത് കരിയന്നൂരിനെ

രണ്ടായി വിഭജിക്കുന്നു. തൂതപ്പുഴ പടിഞ്ഞാറു ഭാഗത്തും ഭാരതപ്പുഴ തെക്കു ഭാഗത്തും ഒഴുകുന്നു. അതിനാൽ കരിയന്നൂരിലേക്കുള്ള ഏക റോഡ് കണക്ഷൻ തൃത്താല–വളാഞ്ചേരി റോഡിൽ നിന്ന് വരുന്ന റോഡുകളിലൂടെയാണ്. പരുതൂർ ഗ്രാമപഞ്ചായത്ത് ഓഫീസും പള്ളിപ്പുറം റെയിൽവേ സ്റ്റേഷനും റെയിൽവേ ട്രാക്കിൻെറ തെക്ക് ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ഇപ്പോൾ വടക്കൻ കരിയന്നൂരിൽ താമസിക്കുന്നവർ പഞ്ചായത്ത് ഓഫീസിലും, റെയിൽവേ സ്റ്റേഷനിലും എത്തിച്ചേരുവാൻ തൃത്താല –വളാഞ്ചേരി റോഡു വഴി 8.5 കിലോ മീറ്റർ സഞ്ചരിക്കണം. കരിയന്നൂരിൽ ഒരു മേൽപ്പാലം നിർമ്മിക്കുകയാണെങ്കിൽ ഈ ദൂരം 2.5 കിലോ മീറ്റർ ആയി കുറയ്ക്കാൻ സാധിക്കും. വടക്കൻ കരിയന്നൂരിൽ താമസിക്കുന്ന നിരവധി കുട്ടികൾ തെക്കൻ കരിയന്നുരിലെ എൽ.പി സ്ക്കൂളിൽ പഠിക്കുന്നു. ഈ കുട്ടി കൾക്ക് റെയിൽവേ ട്രാക്ക് കടന്നു വേണം സ്ക്കൂളിൽ എത്തിച്ചേരുവാൻ. ആയതിനാൽ മേൽപ്പാല നിർമ്മാണം വടക്കൻ കരിയന്നൂർ നിവാസികൾക്ക് വളരെ അത്യാവശ്യമാണ്.

സുശീലപ്പടി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് പാലക്കാട് താലൂക്കിലെ പരുതൂർ വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നത് അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു കൊണ്ട് പ്രദേശങ്ങളുടെ വികസനം നടപ്പിലാക്കുക എന്ന രാഷ്ട്രത്തിൻെറ ആവശ്യവുമായി ഒത്തു ചേരുന്നു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ഭാഗം 2 (b) (i) പ്രകാരം നിർദ്ദി ഷ്ട പദ്ധതി ഒരു പൊതു ആവശ്യമാണ്.

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

പരുതൂർ വില്ലേജിൽ 20 സർവ്വെ നമ്പറുകളിൽ നിന്നുമായി 0.9500 ഹെക്ടർ ഭൂമിയാണ് സുശീലപ്പടി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് ആവശ്യമായി വരുന്നത്. പട്ടാമ്പി & പള്ളിപ്പുറം ജംഗ്ഷൻ ലെവൽ ക്രോസ്സ് പ്രദേശത്ത് സുഗമവും നിർവിഘ്നവുമായ ഗതാഗ തവും അതിലൂടെ ഈ പ്രദേശത്തിൻെറ വികസനത്തിനും വഴിയൊരുക്കുന്നു. 461.58 മീറ്റർ നീളമുള്ള അപ്രോച്ച് റോഡിൻേറയും മേൽപ്പാലത്തിൻെറയും നിർമ്മാണത്തിനായി ആകെ ചെലവായി കണക്കാക്കിയിരിക്കുന്നത് 39.84 കോടി രൂപയാണ്.

സുശീലപ്പടി റെയിൽവേ മേൽപ്പാലത്തിൻെറ ആകെ നീളം 461.58മീറ്റർ ആണ്. പള്ളിപ്പുറം സൈഡ്–152.25, തിരുവേഗപ്പുറം–271.93 മീറ്റർ റയിൽവേ പോർഷൻ 37.40 മീറ്റർ.

### 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

KIIFB/IRC, IRS എന്നിവയുടെ മാർഗനിർദേശ പ്രകാരമുള്ള പദ്ധതിപ്രദേശ പഠനത്തിനും വിലയിരുത്തലുകൾക്കും ശേഷമാണ് രൂപരേഖ തയ്യാറാക്കപ്പെട്ടിട്ടുള്ളത്. വിശദമായ ടോപോ ഗ്രഫിക് ജിയോടെക്നിക്കൽ പഠനത്തിനും ശേഷമാണ് സുശീലപ്പടി മേൽപ്പാലത്തിൻെറ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. പദ്ധതിക്കു വേണ്ടി സമർപ്പിക്കപ്പെട്ട 3 രൂപരേഖയിൽ നിന്നും ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവും കെട്ടിടങ്ങളും പരിമിതപ്പെടുത്തൽ, താരതമ്യേന കുറഞ്ഞ ചെലവ്, പ്രദേശത്തു കൂടിയുള്ള ഗതാഗതം സുഗമമാക്കൽ, പദ്ധതി ഏറ്റവും കൂടുതൽ ഉപയോഗപ്രദമാകൽ തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചു കൊണ്ടാണ് പദ്ധതിക്ക് വേണ്ടി സമർപ്പിക്കപ്പെട്ട രൂപരേഖകളിൽ നിന്ന് രണ്ടാമത്തെ രൂപരേഖ തീരുമാനിക്കപ്പെട്ടിരിക്കുന്നത്.

### 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുമ്പോൾ പദ്ധതി പ്രദേശം നിർമ്മാണത്തിനു വേണ്ടി ഒരുക്കുകയും തുടർന്ന് മേൽപ്പാലത്തിൻെറയും അനുബന്ധ റോഡി ൻെറയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യും.

### 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

പാലക്കാട് ജില്ലയിൽ, പാലക്കാട് താലൂക്കിൽ പട്ടാമ്പി & പള്ളിപ്പുറം ജംഗ്ഷൻ റയിൽവേ സ്റ്റേഷനുകൾക്കിടയിലായി സുശീലപ്പടി റയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു പരുതൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 18ൽ പെട്ട 20 സർവ്വെ നമ്പറുകളിൽ നിന്ന് 0.9500 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. സുശീലപ്പടി റെയിൽവേ മേൽപ്പാലത്തിൻെറ ആകെ നീളം 461.58 മീറ്റർ ആണ്. റെയിൽവേ പോർഷൻ ഉൾപ്പെടെ റെയിൽവേ സ്പാനിൻെറ നീളം 37.40 ആണ്. പള്ളിപ്പുറം സൈഡ്–152.25, തിരുവേഗപ്പുറം–271.93 മീറ്റർ, റയിൽവേ പോർഷൻ 37.40 മീറ്റർ ആണ്.

### 2.7 അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

നിർദ്ദിഷ്ട റെയിൽവേ മേൽപ്പാലത്തിൻെറ നിർമ്മാണഘട്ടത്തിൽ ആവശ്യമായ സുരക്ഷാ നടപടികൾ കൈക്കൊള്ളണം. പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്ത്

നിലവിലുള്ള വൈദ്യുതി തൂണുകളും അതിൻെറ കേബിളും, ടെലിഫോൺ തൂണുകളും അതിൻെറ കേബിളും, കുടിവെള്ള പൈപ്പ്കണക്ഷൻ (വാട്ടർ അതോറിറ്റി), ഒപ്റ്റിക്കൽ ഫൈബർ കേബിൾ, എന്നിവ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. പദ്ധതി നിർമ്മാണ ഘട്ടത്തിൽ നിലവിലുള്ള റെയിൽവേ ഗേറ്റ് ഉപയോഗിക്കാനാകും എന്നതിനാൽ വാഹനങ്ങൾ വഴി തിരിച്ച് വിടേണ്ടതായി വരുന്നില്ല എന്ന് വിശദമായ പദ്ധതി രേഖയിൽ സൂചിപ്പിച്ചിട്ടുണ്ട്.

നിലവിലുള്ള പാലത്തറ ഗേറ്റ് L.C.No.167 ഉം, നിർദ്ദിഷ്ട സുശീലപ്പടി റെയിൽവേ മേൽപ്പാലവും തമ്മിൽ 1.5 റെയിൽവേ കിലോ മീറ്റർ വ്യത്യാസമുണ്ട്.

### 2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് കരാറുകാരനെ നിയമിക്കും. കൂടാതെ ഡിസൈൻ/സൂപ്പർവിഷൻ കൺസൾട്ടേഴ്സിൻെറ സഹായം സ്വീകരിക്കുകയും ചെയ്യും. നിർവ്വഹണത്തിനായി ആർ.ബി.ഡി.സി.കെ/കോൺട്രാക്ടർ/കൺസൾട്ടൻറ് എന്ന ഒരു ത്രികക്ഷി കരാർ ഉണ്ടാക്കും. പദ്ധതിയുടെ സമയക്രമീകരണം കരാറുകാരൻ തയ്യാറാക്കുന്ന വർക്ക് ഷെഡ്യൂൾ എന്നിവ പ്രൊജക്ട് മാനേജ്മെൻറ് വിലയിരുത്തുകയും പദ്ധതിയുടെ സമയാധിഷ്ഠിത പൂർത്തീകരണം സ്ഥിരമായ വിലയിരുത്തലിലൂടെ ഉറപ്പു വരുത്തുകയും ചെയ്യും. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചായിരിക്കും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. പദ്ധതി പൂർത്തീകരിച്ച്, തകരാറുകളുടെ ബാധ്യത നിർവ്വഹിക്കേണ്ട നിർദ്ദിഷ്ട കാലയളവിനു ശേഷം മേൽപ്പാലത്തിൻെറ ചുമതല പ്രസ്തുത റോഡിൻെറ ചുമതല വഹിക്കുന്ന പൊതുമരാമത്ത് വകുപ്പിനെയോ തദ്ദേശ സ്വയംഭരണ വകുപ്പിനെയോ ഏൽപ്പിക്കുമെന്ന് വിശദമായ പദ്ധതിരേഖയിൽ നൽകിയിരിക്കുന്ന ഓപ്പറേഷൻ ആൻറ് മെയിൻറനൻസ് പ്ലാനിൽ പറയുന്നു.

### 2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാതവിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

പദ്ധതിയ്ക്ക് വേണ്ടി താഴെ പറയുന്ന പഠനങ്ങൾ നടത്തിയതായി അർത്ഥനാധികാരി വെളിപ്പെടുത്തി.

* എഞ്ചിനീയറിംഗ് സർവ്വേയും സ്ഥലത്തിൻെറ സൂക്ഷ്മ പരിശോധനയും

* ടോപ്പോഗ്രാഫിക് സർവ്വേ
* ഗതാഗത സർവ്വേ
* ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷനും ജിയോമെട്രിക്ക് ഡിസൈൻ & അലൈൻമെൻറ്

**2.10. ബാധകമായ നിയമങ്ങളും നയങ്ങളും**

പാലക്കാട് ജില്ലയിൽ, പട്ടാമ്പി താലൂക്കിൽ പട്ടാമ്പി & പള്ളിപ്പുറം ജംഗ്ഷൻ സ്റ്റേഷനുകൾക്ക് ഇടയിലായി വരുന്ന ലെവൽ ക്രോസ് നമ്പർ 167-ന് പകരമായി സുശീലപ്പടി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി പരുതൂർ വില്ലേജിൽ നിന്നും ഏകദേശം 0.9500 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു.

- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
- ❖ കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ–റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RDപ്രകാരമുള്ള സംസ്ഥാന സർക്കാരിൻെറ നയം.
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(MS)No. 448/2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിൻെറ നയം
- ❖ വിവരവകാശ നിയമം 2005

# അദ്ധ്യായം 3

## പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

പാലക്കാട് ജില്ലയിൽ, ലെവൽ ക്രോസ് നമ്പർ 167 ന് പകരമായി സുശീലപ്പടി റെയിൽവേ മേൽപ്പാലം നിർമ്മാണത്തിനായി പരുതൂർ വില്ലേജിൽ നിന്നും ഏകദേശം 0.9500 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്ന പദ്ധതിക്ക് വേണ്ടി, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിനെ ചുമതലപ്പെടുത്തിക്കൊണ്ട് പാലക്കാട് ജില്ലാകളക്ടറുടെ 2024 ഡിസംബർ 17 തീയതിയിലെ വിജ്ഞാപനം നമ്പർ DCPKD/1375/2024-C4, ഡിസംബർ 18-ാം തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) Vol.No. XIII 4000–ാം നമ്പർ ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാ ഘാത വിലയിരുത്തൽ യൂണിറ്റിൻെറ പഠനസംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ ചെയർപേഴ്സൺ മിസ്. മീന കുരുവിള പ്രോജക്ട് ഡയറക്ടർ, രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ നേതൃത്വത്തിൽ വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവസമ്പത്തുള്ള 09 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി കരട് രേഖ തയ്യാറാക്കിയത്.

പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | മീനകുരുവിള | എം.എസ്.ഡബ്ല്യു. ചെയർപേഴ്സൺ (SIA unit) | വികസനമേഖലയിൽ 35 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ.ഫാ.സാജു എം.ഡി | എം.ഫിൽ, പി.എച്ച്.ഡി പ്രിൻസിപ്പാൾ & കൺസൾട്ടൻറ് (SIA unit) | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ. ബിനോയ് ജോസഫ് | എം.എ. (എച്ച്.ആർ.എം), പി.എച്ച്.ഡി.,എൽ.എൽ.ബി. കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 4 | ഡോ.ഫാ.ഷിൻേറാ ജോസഫ് | എ.എസ്.ഡബ്ല്യു., പി.എച്ച്.ഡി, കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ്ഓഫീസർ, എസ്.ഐ.എ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തനപരിചയം |
| 6 | ലിജി.വി.ഇ | എം.എസ്.ഡബ്ല്യു റിസേർച്ച് അസ്സോസിയേറ്റ് | 26 വർഷത്തെ പ്രവർത്തനപരിചയം |
| 7 | എലിസബത്ത് പെനെലോപ്പ് ലോബോ | എം.ബി.എ. റിസേർച്ച് അസ്സോസിയേറ്റ് | 36 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ഫിലോമിന | ഡാറ്റാഎൻട്രിഓപ്പറേറ്റർ | 31 വർഷത്തെ പ്രവർത്തന പരിചയം |
| 9 | ഇന്ദിര വി. വി. | ഡാറ്റാ എൻട്രിഓപ്പറേറ്റർ | 33 വർഷത്തെ പ്രവർത്തന പരിഗയം |

**3.2.പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവരശേഖരണത്തിനുപയോഗിച്ച മാർഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും, ടി മാർഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും**

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധ ങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ

പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും, പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ, വിവരങ്ങൾ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിലും ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാലും, നിർദ്ദിഷ്ട പദ്ധതി മൂലം പ്രത്യാഘാത ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 07.01.2025 തീയതി പദ്ധതി പ്രദേശം സന്ദർശിക്കുകയും, മുൻപേ തയ്യാറാക്കപ്പെട്ട ചോദ്യാവലി ഉപയോഗിച്ച് പദ്ധതി ബാധിത ഭൂമിയുടെ ഉടമകളിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. ഏറ്റെടുക്കുന്ന വസ്തുവിന്റെ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിന്റെ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു. കൂടാതെ പദ്ധതി നിർമ്മാണ ഘട്ടത്തിൽ പ്രദേശത്തെ ജനപ്രതിനിധികളിൽ നിന്നും പദ്ധതി പ്രദേശത്തെക്കുറിച്ചും വിവരങ്ങൾ ശേഖരിച്ചു. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

പഠനത്തിന്റെ അടുത്ത ഘട്ടമായി ഒരു പബ്ലിക് ഹിയറിങ്ങ് 15.02.2025 പരുതൂർ ലൈബ്രറി & റിക്രിയേഷൻ സെൻറർ (ഗോപി മാസ്റ്റർ സ്മാരക) ഹാളിൽ വച്ച് രാവിലെ 11.00 മണിക്ക് നടത്തപ്പെടുന്നു. ബന്ധപ്പെട്ട അധികാരികളുടെ സാന്നിദ്ധ്യത്തിൽ പദ്ധതി ബാധിതർക്ക്

നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചും തങ്ങൾക്കുള്ള അഭിപ്രായങ്ങളും ആശങ്കകളും പങ്ക് വെക്കുന്നതിനുള്ള ഒരു വേദിയായിരിക്കും ഇത്. പ്രസ്തുത പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതർ ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചും സുശീലപടി റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതിയെക്കുറിച്ചും ഉന്നയിക്കുന്ന അഭിപ്രായങ്ങളും, ആശങ്കകളും കൂടാതെ അതുമായ് ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനും അർത്ഥനാധികാരിയും നൽകുന്ന മറുപടികളും ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖ തയ്യാറാക്കുന്നത്.

**പഠനത്തിൻെറ വിവിധ ഘട്ടങ്ങൾ താഴെ വിവരിക്കുന്നു.**

- പദ്ധതി പ്രദേശത്ത് സന്ദർശനം
- പദ്ധതിബാധിത കുടുംബങ്ങളിൽ സാമൂഹ്യ-സാമ്പത്തിക സർവ്വെ
- ജനപ്രതിനിധികളുമായ് അഭിമുഖം
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ചരേഖകളുടെ പഠനം
- അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളുടെയും റിപ്പോർട്ടുകളുടെയും പഠനം
- ലഭിച്ച വിവരങ്ങളുടെ വിശകലനം
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ തയ്യാറാക്കൽ
- പബ്ലിക് ഹിയറിങ്ങ്
- അന്തിമരേഖ തയ്യാറാക്കൽ

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാ പരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാലും, നിർദ്ദിഷ്ട പദ്ധതി മൂലം പ്രത്യാഘാത ബാധിതരാകുന്ന ഭൂവുടമകളുടെ എണ്ണം കുറവ് ആയതിനാലും പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. ആയതിനാൽ പഠന സംഘം പദ്ധതി പ്രദേശം മുഴുവനായും സന്ദർശിക്കുകയും പദ്ധതി

ബാധിതരാകുന്ന 20 ഭൂവുടമകളിൽ നിന്നും സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവര ശേഖരണം നടത്തുകയും ചെയ്തു.

### 3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനരേഖ തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയ വുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിന്റെ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതിബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതിബാധിത കുടുംബങ്ങളിൽ നിന്ന് സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുതവിവരങ്ങൾ ശേഖരിച്ചത്.

താഴെ പറയുന്ന സ്രോതസ്സുകളിൽ നിന്നുമാണ് പഠന സംഘം പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്

- പദ്ധതി പ്രദേശ സന്ദർശനവും നിരീക്ഷണവും.
- പ്രധാന വ്യക്തികളുമായുള്ള അഭിമുഖം
- പദ്ധതി ബാധിതരാകുന്ന ഭൂവുടമകളും അല്ലാത്തവരുമായ കുടുംബങ്ങളിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാര മുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. അർത്ഥനാധികാരിയായ ആർ.ബി.ഡി.സി.കെ കാര്യാലയത്തിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലിൽന്യായമായ നഷ്ടപരി ഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമവും അതിന്റെ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെന്റ് കാലാകാലങ്ങളിൽ രൂപീകരി ച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

**3.5.തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ**

***പട്ടിക 3.5.1. പ്രവർത്തനങ്ങളുടെ സമയ പട്ടിക***

| | |
|---|---|
| **17.12.2024** | സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുവാൻ കേരള സർക്കാർ രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിനെ ചുമതലപ്പെടുത്തി |
| **18.12.2024** | കേരള ഗസറ്റ് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തൽ |
| **07.01.2025** | പദ്ധതി പ്രദേശം സന്ദർശനവും,വിവരശേഖരണവും |
| **15.02.2025** | പബ്ലിക് ഹിയറിംഗിന്റെ വിജ്ഞാപനം |

# അദ്ധ്യായം 4
# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

### 4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

കേരളത്തിലെ 14 ജില്ലകളിൽ ഏറ്റവും വലിയ ജില്ലയാണ് പാലക്കാട്. റോഡ് നിർദേശിക്കപ്പെട്ടിരിക്കുന്ന സുശീലപ്പടി, പാലക്കാട് ജില്ലയിലെ പള്ളിപ്പുറം റെയിൽവേ സ്റ്റേഷനു സമീപത്താണ് സഥിതി ചെയ്യുന്നത്. ജില്ലാ ആസ്ഥാനത്തു നിന്ന് ഏകദേശം 70 കിലോമീറ്റർ അകലെയാണ്. പട്ടാമ്പി, കുറ്റിപ്പുറം എന്നിവയാണ് ഈ സ്ഥലത്തു നിന്ന് യഥാക്രമം 13 കിലോമീറ്റർ, 19 കിലോമീറ്റർ അകലെയുള്ള പ്രധാന പട്ടണങ്ങൾ. മുതുതല, തൃത്താല, ശങ്കരമംഗലം, കൊടിക്കുന്ന് എന്നിവയാണ് സമീപ ഗ്രാമങ്ങൾ. ക്ഷേത്രങ്ങൾ, പള്ളികൾ, തുടങ്ങിയ നിരവധി മതപരമായ കെട്ടിടങ്ങൾ പദ്ധതിപദേശത്തിനു സമീപമായി സ്ഥിതി ചെയ്യുന്നു. ജി.എച്ച്,എസ്. കൊടുമുണ്ട, പരുതൂർ ഹൈസ്ക്കൂൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളും, പരുതൂർ വില്ലേജ് ഓഫീസ് തുടങ്ങിയ സ്ഥാപനങ്ങൾക്കും നിർദ്ദിഷ്ട മേൽപ്പാലം ഏറെ ഗുണം ചെയ്യും. ഷൊർണ്ണൂർ, മംഗലപൂരം റെയിൽവേ ലൈനിൽ സ്ഥിതി ചെയ്യുന്നപട്ടാമ്പി–പള്ളിപ്പുറം റെയിൽവേ സ്റ്റേഷനുകൾക്കിടയിലാണ് നിർദ്ദിഷ്ട മേൽപ്പാലം ആസൂത്രണം ചെയ്തിരിക്കുന്നത്. വേഗത കുറഞ്ഞ യാത്ര ട്രെയിനുകൾ, എക്സ്പ്രസ് ട്രെയിനുകൾ, ഗുഡ്സ് ട്രെയിനുകൾ ഉൾപ്പെടെ ഓരോ ദിവസവും ഏകദേശം 67 ട്രെയിനുകൾ ഈ ഭാഗത്തുകൂടെ കടന്നുപോകുന്നു.

### 4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പദ്ധതിക്ക് വേണ്ടി പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽ ഉൾപ്പെട്ട പരുതുർ വില്ലേജിൽ നിന്നായി ഏകദേശം 0.9500 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ 20 ഭൂവുടമകൾക്ക് തങ്ങളുടെ ഭൂമിയുടെ അളവിൽ കുറവുണ്ടാവുകയും, മൂന്ന് ഭൂവുടമകളുടെ വീട് പൂർണ്ണമായും ബാധിക്കപ്പെടുകയും ചെയ്യും. ചില കുടുംബങ്ങൾക്ക് വീടിനോട് ചേർന്നുള്ള ചുറ്റുമതിൽ, ഗേറ്റ് അടക്കമുള്ള അനുബന്ധ സൗകര്യങ്ങൾ, ഫല വൃക്ഷങ്ങൾ / മരങ്ങൾ നഷ്ടപ്പെടുകയും ചെയ്യാൻ സാധ്യതയുണ്ട്. ഏറ്റവും പ്രധാനമായി വീട് ബാധിക്കപ്പെടുന്ന 3 ഭൂവുടമകൾക്ക്,

ഭൂമി ഏറ്റെടുക്കലിന് ശേഷം ബാക്കി വരുന്ന സ്ഥലത്ത് പുതിയ വീട് വക്കുന്നതിന് സ്ഥലം മതിയാകാത്തതിനാൽ കുടിയൊഴിക്കപ്പെടുകയും ചെയ്യും എന്നുള്ളതാണ്.

***പട്ടിക 4.2.1.*** **പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ**

| പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പത്യാഘാതങ്ങൾ | കുടുംബങ്ങളുടെ എണ്ണം |
|---|---|
| **ഭൂമി നഷ്ടമാകുന്നവർ** | 20 |
| **വീട്** | 3 |
| **വരുമാനം** | 4 |
| **ബാധിതമാകുന്ന നിർമ്മിതികൾ** | |
| **ചുറ്റുമതിൽ** | 9 |
| **ഗേറ്റ്** | 8 |
| **പൈപ്പ് കണക്ഷൻ** | 7 |
| **ടൈലിട്ട മുറ്റം** | 4 |

**പട്ടിക 4.2.2.** ***ഫലദായക വസ്തുക്കളിലുള്ള പ്രത്യാഘാതം***

| **വിളകൾ** | **എണ്ണം** |
|---|---|
| തെങ്ങ് | 48 |
| കവുങ്ങ് | 40 |
| ജാതി | 6 |
| മാവ് | 24 |
| കുരുമുളക് | 25 |
| വാഴ | 10 |

### 4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാപത്രം പ്രകാരം പദ്ധതിക്ക് ആവശ്യമായ ഏകദേശം 0.9500 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന്, ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിൻെറ സർവ്വെ നമ്പർ സഹിതം പാലക്കാട് ജില്ലാ കളക്ടറുടെ 2024 ഡിസംബർ 17 തീയതിയിലെ

വിജ്ഞാപനം നമ്പർ DCPKD/1375/2024-C4 ഡിസംബർ 18-ാം തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 4000 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുവിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

പ്രദേശവാസികൾ പൊതു ആവശ്യത്തിനായി ഉപയോഗിക്കുന്ന സ്ഥലങ്ങൾ ഒന്നും ഏറ്റെടുക്കപ്പെടുന്ന പ്രദേശത്ത് ഇല്ല.

**4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം**

പദ്ധതിയ്ക്കു വേണ്ടി മുന്നേ സ്ഥലങ്ങൾ വാങ്ങുകയോ ഏറ്റെടുക്കുകയോ, പണയത്തിനെടുക്കുകയോ ചെയ്തിട്ടില്ല.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും**

പാലക്കാട് ജില്ലയിൽ പാലക്കാട് ടൗണിൽ നിന്നും 70 കി.മീ. ദൂരത്തിൽ സ്ഥിതി ചെയ്യുന്ന പരതുർ വില്ലേജിൽ ഉൾപ്പെടുന്ന 0.9500 ഹെക്ടർ ഭൂമിയിലാണ് സുശീലപ്പടി മേൽപ്പാലം നിർമ്മിക്കുന്നത്. ടി സ്ഥലങ്ങളിൽ 20 ഭൂവുടമകൾഉണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ "പുരയിടം,നിലം " വിഭാഗത്തിൽപ്പെടുന്നവയാണ്.

**4.7.ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ**

വിജ്ഞാപനംചെയ്യപ്പെട്ട സർവ്വെ നമ്പറുകളുടെ 20 ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തി സർവ്വെ ചെയ്തത്. ടി ഉടമകളിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് കുടുംബങ്ങൾ പ്രധാനമായും താമസത്തിനായി ഉപയോഗിച്ചു വരുന്നു. ടി സ്ഥലങ്ങളിൽ തെങ്ങ്, മാവ്, പ്ലാവ്, തുടങ്ങിയ ഫല വൃക്ഷങ്ങളും, മഹാഗണി, തേക്ക്, ആഞ്ഞിലി, തുടങ്ങിയ മരങ്ങളും, വാഴ, കുരുമുളക്, കവുങ്ങ്, ജാതി, നെല്ല്, വാഴ തുടങ്ങിയവയുടെ കൃഷിയും ബാധിക്കപ്പെടുന്നുണ്ട്. ഈ വിളകൾക്ക് ജലസേചനം കിണർ, കുഴൽ കിണർ തുടങ്ങിയവയിൽ നിന്നുള്ള വെള്ളം ഉപയോഗിച്ചാണ്.

**4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം**

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയ 20 ഭൂവുടമകളിൽ, വിവരം നൽകിയ 20 ഭൂവുടമകളുടേയും ഭൂമി വ്യക്തിഗത ഉടമസ്ഥതയിലുള്ളതാണ്. നിർദ്ദിഷ്ട സ്ഥല ങ്ങൾ ഉടമകൾക്ക് കൈവശമായ രീതി പരിശോധിക്കുമ്പോൾ, പ്രധാനമായും 8 ഉടമകൾ വാങ്ങിയതും, 12 ഉടമകൾ മാതാപിതാക്കളിൽ നിന്നും കൈമാറി വന്നതും ആണ്.

**4.9.കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതി ബാധിതമാകുന്ന ഭൂവുടമകളിൽ കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല. 20 ഉടമകളുടെ സ്ഥലങ്ങൾ താമസത്തിനോ, കൃഷി ഉപയോഗിക്കുന്നതോ ആണ്.

# അദ്ധ്യായം – 5
# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

പാലക്കാട് ജില്ലയിൽ ലെവൽ ക്രോസ് നമ്പർ 167 ന് സുശീലപടി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി പരുതൂർ വില്ലേജിൽ നിന്നും ഏകദേശം 0.9500 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന്റെ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീവനത്തിനായോ താമസത്തിനായോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടി പരുതൂർ വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായി പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുണ്ടെന്ന് മനസിലാക്കുന്നു.

#### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാതബാധിതകുടുംബങ്ങൾ
*(ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന്റെ ഉടമകൾ)*

**പട്ടിക 5.1.1. ഭൂവുടമയുടെ പേര്, വിലാസം & സർവ്വെ നമ്പർ**

| *ക്രമനമ്പർ* | *പേര്, വിലാസം, ഫോൺ നമ്പർ* | *സർവെനമ്പർ* | *നഷ്ടമാകുന്ന ആസ്തികൾ* |
|---|---|---|---|
| 1. | അബു ഹാജി (late)<br>സെയ്താലി (മകൻ)<br>മുതൽപേർ<br>9746020028/8593806063/<br>9072811916 | 325/2<br>23/2 | സ്ഥലം, കൃഷി |

| | | | |
|---|---|---|---|
| 2. | ഗീത മേനോൻ<br>പുലരി ഹൗസ്<br>കറുകുറ്റി<br>അങ്കമാലി, 7736750073 | 350/3 | സ്ഥലം, മരങ്ങൾ5, തെങ്ങ് 15, മഹാഗണി 16, പ്ലാവ് 6, കവുങ്ങ് 6, മാവ് 8, ജാതി 5, കുരുമുളക് 22 |
| 3. | എം ചന്ദ്രശേഖരൻ<br>'ഐശ്വര്യ' ഹൗസ്<br>പള്ളിപ്പുറം – 679305<br>9539585462 | 350/3 | സ്ഥലം, കറുകപ്പട്ട 2,മഹാഗണി 9, പ്ലാവ് 3, ജാതി |
| 4. | മുഹമ്മദ് ഹുസ്സൈൻ &<br>മുഹമ്മദ് മുസ്തഫ<br>വെടിത്തറക്കൽ<br>മങ്ങാട്ട്പറമ്പിൽ<br>ചെറുകുടങ്ങാട് പി ഒ<br>പള്ളിപ്പുറം, പട്ടാമ്പി<br>9946772821 | 326/6 | സ്ഥലം, കൃഷി |
| 5. | മോഹനൻ എ എം<br>അതേറുശ്ശേരി മഠം<br>9940097832 | 350/4 | ചുറ്റുമതിൽ |
| 6. | അലി എം പി<br>9645625397 | 232/1 | സ്ഥലം, വാഴ 10, തെങ്ങ് 7 |
| 7. | ലത ഇ<br>'സിദ്ധാർത്ഥ' ഹൗസ്<br>9539011698 | 350/4 | ചുറ്റുമതിൽ,ഗേറ്റ്,ടൈലിട്ട മുറ്റം, പൈപ്പ് കണക്ഷൻ, ആഞ്ഞിലി, ഇലഞ്ഞി, വേപ്പ്, തേക്ക്,പ്ലാവ് 3, തെങ്ങ് 14, മഹാഗണി 6, മാവ് |
| 8. | ഗോപി നായർ,<br>കൃഷ്ണൻ നായർ<br>കിഴക്കേവേലത്ത്<br>പള്ളിപ്പുറം | 325/3 | സ്ഥലം, കൃഷി |
| 9. | മുഹമ്മദ് അലി,<br>അബ്ദുൾ ലത്തീഫ്,<br>മുഹമ്മദ് ഫയാസ്<br>മങ്ങാട്ട്പറമ്പിൽ<br>പട്ടാമ്പി, പള്ളിപ്പുറം<br>9846532299 | 323/7 | നെൽകൃഷി, തെങ്ങ് 4, മഹാഗണി 3, പഴമരം |

| | | | |
|---|---|---|---|
| 10. | സിദ്ദിഖ്<br>മങ്ങാട്ട്പറമ്പിൽ<br>പരതൂർ, കരമ്പതൂർ<br>പട്ടാമ്പി, 9061388127 | 323/4 | പാടം, കൃഷി |
| 11. | ശിവരഞ്ജിനി വി കെ<br>ബാൻസുരി<br>പള്ളിപ്പുറം<br>9061315322 | 351/4-1 | മാവ്, തെങ്ങ് 2, ആരുവേപ്പ്, ടൈലിട്ട മുറ്റം, പൈപ്പ് കണക്ഷൻ,ഷീറ്റിട്ട കാർ ഷെഡ് |
| 12. | തങ്കമണി പ്രഭാകരൻ<br>8086410992 | | ചുറ്റുമതിൽ,ഗേറ്റ്,ടൈലിട്ട മുറ്റം, തേക്ക്,പ്ലാവ് 3, തെങ്ങ്, മഹാഗണി 6, മാവ്, കുരുമുളക് 3, മുരിങ്ങ |
| 13. | സരോജിനിയമ്മ റ്റി വി<br>'പഞ്ചമി'<br>പരതൂർ<br>പള്ളിപ്പുറം, 9995757321 | 349/7-2 | ചുറ്റുമതിൽ,ഗേറ്റ്,ടൈലിട്ട മുറ്റം, പൈപ്പ് കണക്ഷൻ, തെങ്ങ്, വീട് പൂർണ്ണമായി, സെപ്റ്റിക് ടാങ്ക് 2, കുഴൽക്കിണർ, കിണർ |
| 14. | ശിവരാജ്,<br>തുഷാര<br>പള്ളിപ്പുറം പി ഒ – 679305<br>9846081246 | 351/8 | ചുറ്റുമതിൽ,ടൈലിട്ട മുറ്റം,വീട് പൂർണ്ണമായി,വീടിനോട് ചേർന്നുള്ള നിർമ്മിതികൾ |
| 15. | സുരേഷ് മുതൽപേർ<br>വടക്കേവെളുത്തേടത്ത്<br>പരതൂർ<br>പള്ളിപ്പുറം, 9946561068 | 349/7 | പൈപ്പ് കണക്ഷൻ, തെങ്ങ്, വീട് പൂർണ്ണമായി, സെപ്റ്റിക് ടാങ്ക്, കിണർ, ശൗചാലയം |
| 16. | തങ്കമണി<br>നീലിമ<br>ചേമ്പ്ര<br>തിരുവെക്കപ്പാറ<br>9496837812 | 351/4-1 | സ്ഥലം,ചുറ്റുമതിൽ,ഗേറ്റ്, തെങ്ങ്, കിണർ |
| 17. | മോഹന കൃഷ്ണൻ<br>വടക്കേവേലത്ത്<br>പള്ളിപ്പുറം പി ഒ<br>9895645330 | 351/4 | ചുറ്റുമതിൽ,ടൈലിട്ട മുറ്റം, പൈപ്പ് കണക്ഷൻ, തെങ്ങ് 2, മഹാഗണി 3, മാവ്, |

| | | | |
|---|---|---|---|
| 18. | ഗോപാലകൃഷ്ണ എം<br>രാധ നിവാസ്<br>പള്ളിപ്പുറം പി ഒ<br>സുശീലപ്പടി<br>8129278898 | 351/4-2 | ചുറ്റുമതിൽ,ഗേറ്റ്,പ്ലാവ്, മാവ്, തെങ്ങ്, പൂന്തോട്ടം |
| 19. | സവദ്<br>പക്കത്ത് ഹൗസ്<br>പരതൂർ<br>പള്ളിപ്പുറം പി ഒ<br>9544096326 | | ചുറ്റുമതിൽ,ഗേറ്റ്, മുറ്റം, കിണർ |
| 20. | ശശിധരൻ<br>തേറമ്പാട്ടിൽ ഹൗസ്<br>പള്ളിപ്പുറം പി ഒ<br>9745574364 | 352/1 | ചുറ്റുമതിൽ,ഗേറ്റ്, |

**5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

വനാവകാശ നിയമത്തിൻ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല

**5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

കുടുംബങ്ങൾ ഉപജീവനത്തിനായ് ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കുന്ന പ്രദേശം നഗര പ്രദേശമല്ല.

## 5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

3 വർഷത്തിലധികമായി പദ്ധതിപ്രദേശത്ത് നെൽ കൃഷിയും, അനുബന്ധ കൃഷിയും നടത്തി ഉപജീവനം നടത്തുന്ന 4 ഭൂവുടമകളെയാണ് പഠനത്തിലൂടെ കണ്ടെത്തുവാൻ കഴിഞ്ഞത്.

### *5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)*

പരോക്ഷ ആഘാത ബാധിതരില്ല.

### 5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

പദ്ധതി ബാധിതരാകുന്ന 20 ഭൂവുടമകൾക്ക് തെങ്ങ്, മാവ്, പ്ലാവ്, തുടങ്ങിയ ഫല വൃക്ഷങ്ങളൊ, മഹാഗണി, തേക്ക്, ആഞ്ഞിലി, തുടങ്ങിയ മരങ്ങളൊ, വാഴ, കുരുമുളക്, കവുങ്ങ്, ജാതി, നെല്ല്, വാഴ തുടങ്ങിയവയുടെ കൃഷിയൊ ബാധിക്കപ്പെടുന്നുണ്ട്.

# അദ്ധ്യായം 6
# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബലജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധിബാധിതമായ കുടുംബങ്ങൾ, പദ്ധതിബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ 20 ഉടമകൾ പദ്ധതി പ്രദേശത്തും സമീപത്തുമായി താമസിക്കുന്നു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പങ്കെടുത്ത പദ്ധതി ബാധിത ഭൂവുടമകളുടെ കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകുന്നു.

വിവരം നൽകിയ പദ്ധതിബാധിത കുടുംബങ്ങളിൽ, ഭൂരിഭാഗം കുടുംബങ്ങളിലും 4–6 അംഗങ്ങൾ ആണ് ഉള്ളത്. ആകെയുള്ള 66 അംഗങ്ങളിൽ 28 പുരുഷന്മാരും 38 പേർ സ്ത്രീകളുമാണ്. കൂടാതെ, 11 പേർ 60 വയസ്സിന് മുകളിൽ ഉള്ളവരും, 44 പേർ 18–59 പ്രായത്തിൽ ഉൾപ്പെടുന്നവരും 18 വയസ്സിൽ താഴെ പ്രായമുള്ള 11 കുട്ടികളുമാണ്. സാമൂഹ്യ പശ്ചാത്തലം പരിശോധിച്ചാൽ, ഇതുമായി ബന്ധപ്പെട്ട് വിവരം നൽകിയ കുടുംബങ്ങളിൽ 14 പേർ ഹിന്ദു മതത്തിലും 6 മുസ്ലീം മതത്തിലും ഉൾപ്പെടുന്നു.

### 6.2. വരുമാനവും ദാരിദ്ര്യ തലവും

ലഭ്യമായ വിവരം അനുസരിച്ച്, പദ്ധതി ബാധിത കുടുംബങ്ങളിൽ 4 കുടുംബങ്ങൾ കൃഷി,പെൻഷനർ–8, ഗൾഫ്–1, കൂലിപ്പണി–1, ഗവൺമെൻറ്–1, ബിസിനസ്സ്–1, പ്രൈവറ്റ് കമ്പനി–1,കൂടാതെ 3 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്കുള്ള പിങ്ക് കളർ

റേഷൻ കാർഡും, 4 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് മുകളിലുള്ള കുടുംബങ്ങൾക്കുള്ള നീലറേഷൻ കാർഡും, 10 കുടുംബം വെള്ള റേഷൻ കാർഡുമാണ് കൈവശം വച്ചിരിക്കുന്നത്

## 6.3. ദുർബലജനവിഭാഗം

പദ്ധതി ബാധിത കുടുംബങ്ങളിലെ, ആകെ അംഗങ്ങളിൽ 11ആളുകൾ 60 വയസോ അതിൽ കൂടുതലോപ്രായമുള്ളവയോജനങ്ങളാണ്. മാനസിക വെല്ലുവിളി നേരിടുന്ന ഒരു വ്യക്തിയും, ഒരു ക്യാൻസർ രോഗിയും, ഹൃദയ സംബന്ധമായ അസുഖമുള്ള ഒരു വ്യക്തിയും , ബ്രോങ്കൈറ്റീസ് ബാധിതനായ ഒരു വ്യക്തിയും പദ്ധതിബാധിത പ്രദേശത്തുണ്ട്.

## 6.4 ഭൂമിയുടെഉപയോഗവുംഉപജീവനമാർഗവും

ഭൂമിയുടെ ഉപയോഗം വിലയിരുത്തുമ്പോൾ, 20 ഭൂവുടമകൾ പദ്ധതിബാധിത ഭൂമി താമസ ത്തിനും, കൃഷി ആവശ്യത്തിനുമായി ഉപയോഗിക്കുന്നു.

**പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**

20 ഉടമകളുള്ള സ്ഥലത്ത് നിർദിഷ്ട ഭൂമി കുടുംബങ്ങളുടെ താമസത്തിനു വേണ്ടി ഉപയോഗിക്കുന്നു. ഈ ഭൂവുടമകൾ പദ്ധതിയുടെ പൂർണമായതോ ഭാഗികമായതോ ആയ പ്രത്യാഘാതം നേരിടേണ്ടി വരുന്നവരാണ്. വരുമാനത്തിനായി നിർദ്ദിഷ്ട (കൃഷി) ഭൂമിയെ ആശ്രയിക്കുന്ന 4 വ്യക്തികളുണ്ട്. ഇവരുടെ വരുമാന മാർഗത്തെ പദ്ധതി നിർമാണത്തിനായി ഭൂമി ഏറ്റെടുത്തതു വഴിയായി ബാധിക്കുവാൻ സാധ്യതയുണ്ട്.

## 6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ ഇല്ല.

## 6.6. പ്രാദേശികഉപജീവനഘടകങ്ങൾ

പദ്ധതി ബാധിത പ്രദേശത്തെ 4 കുടുംബങ്ങൾ വരുമാനത്തിനായി കൃഷിയെ ആശ്രയിക്കുന്നു

## 6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരികസംഘടനകളും

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളാണ്. സാംസ്കാരിക സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടില്ല.

### 6.8 ഭരണസംഘടനകൾ

പദ്ധതിപ്രദേശത്ത് ഭരണ സംഘടനകളുടെ സ്ഥാപനങ്ങളില്ല.

### 6.9 രാഷ്ട്രീയസംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതി ബാധിതമാകുന്നില്ല.

### 6.10 സാമൂഹ്യാധിഷ്ഠിതമായപൗരസംഘടനകൾ

പൗരസംഘടനകളുടെവസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

### 6.11. പ്രാദേശീകവുംചരിത്രപരവുമായപരിണാമപ്രക്രിയ

പരുതൂർ വില്ലേജിൽ 20 സർവ്വെ നമ്പറുകളിൽ നിന്നുമായി 0.9500 ഹെക്ടർ ഭൂമിയാണ് സുശീലപ്പടി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് ആവശ്യമായി വരുന്നത്. സുശീലപ്പടി റെയിൽവേ മേൽപ്പാലം പാലത്തറ ലെവൽക്രോസ്സിലേക്കുള്ള ബൈപാസ് റൂട്ടായി പ്രവർത്തിക്കും.

### 6.12. ജീവിത സാഹചര്യങ്ങളുടെഗുണനിലവാരം

പ്രദേശവാസികൾക്ക് അവശ്യ സൗകര്യങ്ങളെല്ലാം പ്രാപ്യമാണ്.

# അദ്ധ്യായം 7
# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം വിവിധഘട്ടങ്ങളിലായാണ് പദ്ധതി യുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്. ആദ്യഘട്ടത്തിൽ 07.01.2025 തീയതി യിൽ പദ്ധതി പ്രദേശത്ത് സന്ദർശനം നടത്തി പദ്ധതിപ്രദേശത്ത് താമസിക്കുന്ന പദ്ധതി ബാധിത കുടുംബങ്ങളിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവ്വേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തുകയും ചെയ്തു. അന്നേ ദിവസം നേരിൽ കാണുവാൻ കഴിയാതെ പോയ ഭൂവുടമകളെ പിന്നീട് ഫോണിൽ ബന്ധപ്പെട്ട് അതേ ചോദ്യാവലി ഉപയോ ഗിച്ച് വിവരശേഖരണം നടത്തി.

പഠനത്തിൻെറ അടുത്ത ഘട്ടമായ് ഒരു പബ്ലിക് ഹിയറിങ്ങ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പബ്ലിക് ഹിയറിങ്ങിനുള്ള നോട്ടീസ് പ്രാദേശിക ഭാഷാ ദിനപത്രത്തിൽ പ്രസിദ്ധപ്പെ ടുത്തുകയും, ഭൂവുടമകൾക്ക് ടെലഫോണിലൂടെയോ നേരിട്ടോ വിവരം നൽകുകയും ചെയ്യും. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായ് വിശകലനം ചെയ്യും. പദ്ധതിയെക്കുറിച്ച് അർത്ഥനാധികാരിയുടെയും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണകാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൻെറ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്ക ലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതിബാധിത ഭൂവുടമകൾക്ക് അവസരം നൽകുകയും ചെയ്യും. പബ്ലിക് ഹിയറിങ്ങിൽ അർത്ഥനാധികാരിയുടെ കാര്യാലയത്തിലെയും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിലെയും ഉദ്യോഗസ്ഥർ പങ്കെടുക്കും. പദ്ധതിയെ ക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചും പദ്ധതിബാധിതർക്കുള്ള ആശങ്കകളും സംശയങ്ങളും പങ്ക് വെക്കുന്നതിനുള്ള ഒരു വേദിയായിരിക്കും പബ്ലിക് ഹിയറിങ്ങ്.

## 7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

പാലക്കാട് ജില്ലയിൽ, പട്ടാമ്പി താലൂക്കിൽ പട്ടാമ്പി - പള്ളിപ്പുറം ജംഗ്ഷൻ റയിൽവേ സ്റ്റേഷനുകൾക്കിടയിലാണ് പാലത്തറ ലെവൽ ക്രോസ്സിനു പകരമായി നമ്പർ 167 സ്ഥിതി

ചെയ്യുന്നത്. പ്രസ്തുത ലെവൽ ക്രോസിങ്ങിനു പകരമായി മേൽപ്പാലം നിർമ്മിക്കുന്നതിനായി പരുതൂർ വില്ലേജിൽ ബ്ലോക്ക് 18 ൽ നിന്നും 0.9500 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള വീട്, വീടിൻെറ ചമയങ്ങൾ പദ്ധതി ബാധിതമാകൽ, ഉപജീവനമാർഗം നഷ്ടമാകൽ തുടങ്ങിയ വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാ പനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ച ത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിലെG.O(MS) No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപനം എന്നിവ പദ്ധതി ബാധിതർക്ക് നൽകുക.
- പദ്ധതിക്ക് വേണ്ടി കുടിയോഴിയേണ്ടി വരുന്ന 3 കുടുംബങ്ങൾക്ക് സുരക്ഷിതവും, സുഗമവുമായ താമസം ഉറപ്പുവരുത്തികൊണ്ട് നിലവിലെ സൗകര്യങ്ങളിൽ കുറവു വരാത്തവിധം നിയമാനുസൃതമായ പുനരധിവാസ-പുനസ്ഥാപന നടപടികൾ സമയാധി ഷ്ഠിതമായി നടപ്പിലാക്കുക.
- ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് അപര്യാപ്തമെങ്കിൽ നിജസ്ഥിതി പരിശോധിച്ച് പൂർണ്ണമായ ഏറ്റെടുക്കലിന് പരിഗണിക്കുകയോ, ടി ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ പരിമിതപ്പെടുത്തുന്നതിനുള്ള സാങ്കേതിക സാധ്യത പരിശോധിച്ച് സാധ്യമായ നടപടികൾ കൈകൊള്ളുകയോ ചെയ്യുക
- പദ്ധതി പ്രദേശത്തുള്ള കൃഷി ഭാഗികമായി ബാധിക്കപ്പെടുമ്പോൾ അർഹമായ പുനസ്ഥാ പന പുനരധിവാസ നഷ്ടപരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതിമൂലം ഉപജീവനമാർഗം നഷ്ടമാകുന്ന കർഷകർക്ക് തങ്ങളുടെ ഉപജീവനമാർഗം നിലനിറുത്തു ന്നതിന് പകരം സംവിധാനം നൽകുകയോ, നിലവിലെ സൗകര്യങ്ങളിൽ കുറവ്വരാത്ത

വിധത്തിൽ ഉപജീവനമാർഗം പുനസ്ഥാപിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ട പരിഹാരം നൽകുകയോ ചെയ്യണം.

- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പദ്ധതി നിർമ്മാണഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേ തന്നെ ആസൂത്രണം ചെയ്യണം. നിർമ്മാണ ഘട്ടത്തിൽ തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻകരുതലുകൾ സ്വീകരിക്കണം.
- പദ്ധതി നിർമ്മാണഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണംചെയ്ത് നടപ്പിലാക്കണം

•പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

### 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവുംകേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ–പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ സുശീലപ്പടി റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

**7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

കേരള സംസ്ഥാന സർക്കാരും റെയിൽവേയും തമ്മിലുള്ള ധാരണപത്രം പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവുകൾ, പാലക്കാട്ജില്ലാ കളക്ടറുടെ കീഴിൽ നിയമിക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കണക്കിലാക്കുകയും ഭൂമി ഏറ്റെടുക്കുന്ന തിനുള്ള മുഴുവൻ തുകയും സംസ്ഥാന സർക്കാർ വഹിക്കുകയും ചെയ്യും എന്ന് അർത്ഥനാ ധികാരിയിൽ നിന്ന് ലഭ്യമായ പദ്ധതിയുടെ വിശദമായ പദ്ധതി രേഖയിൽ പറയുന്നു

**7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് അപര്യാപ്തമെങ്കിൽ നിജസ്ഥിതി പരിശോധിച്ച് പൂർണ്ണമായ ഏറ്റെടുക്കലിന് പരിഗണിക്കുകയോ, ടി ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ പരിമിതപ്പെടുത്തുന്നതിനുള്ള സാങ്കേതിക സാധ്യത പരിശോധിച്ച് സാധ്യ മായ നടപടികൾ കൈകൊള്ളുകയോ ചെയ്യുക

**7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/ 2017/RD പ്രകാരവും പദ്ധതി ബാധിതർക്ക് നഷ്ട പരിഹാരം, പുനരധിവാസ– പുനസ്ഥാപന പാക്കേജ് എന്നിവ നൽകുന്നതിലൂടെ പദ്ധതി യുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന ത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിൻെറ അടിസ്ഥാനത്തിൽ സുശീലപടി റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതിക്കു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിട

യുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി**

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARRനിയമം 2013 ഒന്നാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃ സ്ഥാപനത്തിനു മുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യ പ്പെടുത്തൽ |
| 2 | വീട് നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | | പദ്ധതിക്ക് വേണ്ടി കുടിയോഴിയേണ്ടിവരു ന്ന 3 കുടുംബങ്ങൾക്ക് സുരക്ഷിതവും, സുഗമവുമായ താമസം ഉറപ്പുവരുത്തികൊണ്ട് നിലവിലെ സൗകര്യങ്ങളിൽ കുറവു വരാത്തവിധം നിയമാനുസൃതമായ പുനരധിവാസ-പുനസ് ഥാപന നടപടികൾ സമയാധിഷ്ഠിതമായി നടപ്പിലാക്കുക. |
| 2 | കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള | RFCTLARR നിയമം 2013 ഒന്നാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ | | ഭൂവുടമകളുടെ സാന്നിധ്യ ത്തിൽ ആസ്തികളുടെ കണ ക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യനിർണ്ണയ നടപ ടികൾ കൃത്യമായി |

| | | | | |
|---|---|---|---|---|
| | ആസ്തികളുടെ നഷ്ടം | പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | | ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |
| 4 | ഉപജീവനമാർഗം/ വരുമാനം നഷ്ടമാകൽ | RFCTLARR നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള പുനരധിവാസ-പുന:സ്ഥാപന പാക്കേജ് നൽകുക | | ഉപജീവനം/വരുമാനം നഷ്ടമാകുന്ന ഭൂവുടമകൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം നൽകുക. |
| 5 | പ്രവേശനമാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണ ഘട്ടത്തിൽ പ്രദേശത്തെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം നഷ്ടമാകാതിരിക്കുന്നതിനുള്ള മർഗങ്ങൾ മുൻപേ ആസൂത്രണം ചെയ്യുക. പദ്ധതി നിലവിൽ വരുമ്പോൾ പദ്ധതി പ്രദേശത്തെ വീടുകളിലേക്കും വസ്തുവകകളിലേക്കും മതിയായ പ്രവേശനമാർഗം ലഭ്യമാക്കണം. | | പദ്ധതിമൂലം ആരുടെയും സഞ്ചാര സ്വാതന്ത്ര്യവും, വസ്തുവകകളിലേക്കുള്ള പ്രവേശനവും നഷ്ടമാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 6 | നിർമ്മാണ മാലിന്യങ്ങൾനിർമ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായി നിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർജനം ആസൂത്രണം ചെയ്യുക | പ്രദേശത്തിന്റെ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായും നീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |
| 7 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

**7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ,പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

ബാധകമല്ല

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപനസംവിധാനം

### 8.1 ഓരോ പ്രത്യാഘാത ലഘൂകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ലെ വകുപ്പ് 43- ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾ ക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും,പുനഃരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് ഡെപ്യൂട്ടി കളക്ടർ (എൽ.എ) പാലക്കാട് ആണ്. ടി പദ്ധതിക്ക് വേണ്ടി അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ, എൽ(ജനറൽ-2), പാലക്കാട് ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളായിരുന്നു ഉണ്ടായിരുന്നത് -ജില്ലാതല കമ്മിറ്റിയും, സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ

ഉത്തരവ് G.O(MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി. ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതിബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതി യിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ–പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥലപരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട് ലാൻറ് റവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, പുനഃരധിവാസ–പുന:സ്ഥാപന തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/ കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴി ഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാ രവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**8.2. സർക്കാരിതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന്റെ സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരളഭൂമി ഏറ്റെടുക്ക ലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാ പനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ന്റെ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിനെ പാലക്കാട് ജില്ലയിൽ സുശീലപ്പടി റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കു ന്നതിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി പാലക്കാട് ജില്ലാകളക്ടറുടെ 2024 ഡിസംബർ 17 തീയതിയിലെ വിജ്ഞാപനം നമ്പർ DCPKD/1375/2024-C4 പ്രകാരം പാലക്കാട് ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക്ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി ഔട്ട്റീച്ച്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**9.1. പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്**

ആവശ്യമായ ബഡ്ജറ്റ് വകയിരുത്തിയിട്ടുണ്ട്എന്ന് അർത്ഥനാധികാരി വെളിപ്പെടുത്തുന്നു.

**9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും**

ബാധകമല്ല

9.3. **സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 10

# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- കുടുംബങ്ങളുടെ താമസവും ഉപജീവനവും തടസപ്പെടാത്ത വിധത്തിൽ സമയാധിഷ്ടിതമായ പുന:സ്ഥാപന നടപടികൾ
- പുനഃരധിവാസ പുന:സ്ഥാപന നടപടികളുടെ സമയക്രമം
- പ്രദേശത്തിന്റെ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
- പദ്ധതി പ്രദേശത്തു നിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

സുശീലപ്പടി റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന്റെ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന ഡെപ്യൂട്ടി കളക്ടർ (എൽ.എ)പാലക്കാട് പദ്ധതിയുടെ പുനഃരധിവാസ–പുനഃസ്ഥാപന സ്കീമിന്റെ തയാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നതിന് ലാൻഡ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ, എൽ.എ.(ജനറൽ–2), പാലക്കാട് നിയമിതനായിട്ടുണ്ട്

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

## അദ്ധ്യായം 11

## നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടംനികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണംഎന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം**

പാലക്കാട് ജില്ലയിൽ, പട്ടാമ്പി താലൂക്കിൽ പട്ടാമ്പി - പള്ളിപ്പുറം ജംഗ്ഷൻ റെയിൽവേ സ്റ്റേഷനുകൾക്കിടയിലാണ് പാലത്തറ ലെവൽ ക്രോസ് നമ്പർ 167 സ്ഥിതി ചെയ്യുന്നത്.

പാലക്കാട് ജില്ലയിലെ പരുതൂർ പഞ്ചായത്തിലെ ഒരു ഗ്രാമമാണ് കരിയന്നൂർ. ഏകദേശം 100 കൂടുംബങ്ങൾ കരിയന്നൂരിൽ താമസിക്കുന്നു. ഇവിടെ റയിൽവേ ലൈൻ, റോഡ് തലത്തിൽ നിന്നും ഏകദേശം 6 മീറ്റർ താഴെയായി കടന്നുപോകുന്നു. ഇത് കരിയന്നുരിനെ രണ്ടായി വിഭജിക്കൂന്നു. തൂതപ്പുഴ പടിഞ്ഞാറു ഭാഗത്തും ഭാരതപ്പുഴ തെക്കു ഭാഗത്തും ഒഴുകുന്നു. അതിനാൽ കരിയന്നൂരിലേക്കുള്ള ഏക റോഡ് കണക്ഷൻ തൃത്താല –വളാഞ്ചേരി റോഡിൽ നിന്ന് വരുന്ന റോഡുകളിലൂടെയാണ്. പരുതൂർ ഗ്രാമപഞ്ചായത്ത് ഓഫീസും പള്ളിപ്പുറം റെയിവേ സ്റ്റേഷനും റെയിൽവേ ട്രാക്കിൻെറ തെക്ക് ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. ഇപ്പോൾ വടക്കൻ കരിയാന്നൂരിൽ താമസിക്കുന്നവർ പഞ്ചായത്ത് ഓഫീസിലും, റെയിൽവേ സ്റ്റേഷനിലും എത്തിച്ചേരുവാൻ തൃത്താല –വളാഞ്ചേരി റോഡു വഴി 8.5 കിലോ മീറ്റർ സഞ്ചരിക്കണം. കരിയാന്നൂരിൽ ഒരു മേൽപ്പാലം നിർമ്മിക്കുകയാണെങ്കിൽ ഈ ദൂരം 2.5 കിലോ മീറ്റർ ആയി കുറയ്ക്കാൻ സാധിക്കും. വടക്കൻ കരിയന്നൂരിൽ താമസിക്കുന്ന നിരവധി കുട്ടികൾ തെക്കൻ കരിയന്നുരിലെ എൽ.പി സ്ക്കുളിൽ പഠിക്കുന്നു. ഈ കുട്ടികൾക്ക് റെയിൽവേ ട്രാക്ക് കടന്നു വേണം സ്ക്കൂളിൽ എത്തിച്ചേരുവാൻ. ആയതിനാൽ പ്രദേശത്ത് സുഗമമായ റോഡ് ഗതാഗതവും സുരക്ഷിതമായ ട്രെയിൻ ഗതാഗതവും സാധ്യമാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ടി പദ്ധതി ഒരു പൊതു ആവശ്യമാണ്.

പാലക്കാട് ജില്ലാകളക്ടറുടെ വിജ്ഞാപന പ്രകാരം പ്രസ്തുത ലെവൽ ക്രോസിങ്ങിനു പകരമായി മേൽപ്പാലം നിർമ്മിക്കുന്നതിനായി പരുതുർ വില്ലേജിൽ ബ്ലോക്ക് 18 ൽനിന്നും 0.9500 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ളത്. ഏറ്റവും കുറവ് പ്രത്യാഘാതം ഉണ്ടാകത്തക്ക വിധത്തിൽ, അതായത് ഭൂമിയുടെയും കെട്ടിടങ്ങളുടെയും ഏറ്റെടുക്കൽ

പരിമിതപ്പെടുത്തുന്ന വിധത്തിലാണ് പദ്ധതിയുടെ രൂപരേഖ തീരുമാനിക്കപ്പെട്ടിരിക്കുന്നത് എന്ന് വിശദമായ പദ്ധതി രേഖയിൽ പറയുന്നു.

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പദ്ധതി ബാധിതരാകുന്ന ഭൂവുടമകൾക്കും പദ്ധതി പ്രദേശത്തെ ആശ്രയിച്ച് ജീവിക്കുന്ന കുടുംബങ്ങൾക്കും വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാനിടയുണ്ടെന്ന് പദ്ധതി പ്രദേശം സന്ദർശിച്ച് നിരീക്ഷിച്ചതിന്റെയും പദ്ധതി ബാധിത കുടുംബങ്ങളിൽ നടത്തിയ സർവ്വെയുടെയും വെളിച്ചത്തിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു. 20 ഭൂവുടമകൾക്ക് കൈവശ ഭൂമിയുടെ അളവ് കുറയുന്നതിനും 3 കുടുംബങ്ങൾക്ക് വീട് നഷ്ടമാകുന്നതിനും, 4 കർഷകർക്ക് കൃഷി, പദ്ധതി ബാധിതമാകുന്നതിനും സാധ്യതയുണ്ട്. എന്നിരുന്നാലും പാലക്കാട് ജില്ലയിൽ, പട്ടാമ്പി - പള്ളിപ്പുറം ജംഗ്ഷൻ റെയിൽവേ സ്റ്റേഷനുകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന പാലത്തറ ലെവൽ ക്രോസ് നമ്പർ 167നു പകരമായി സുശീലപ്പടി റെയിൽവേ മേൽപ്പാലം നിർമ്മിക്കുക എന്ന പദ്ധതി നിലവിൽ വരുമ്പോൾ പ്രസ്തുത പ്രദേശത്ത് സുഗമമായ വാഹന ഗതാതവും ട്രെയിൻ ഗതാഗതവും സാധ്യമാകുകയും പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് വഴിതെളിയുകയും ചെയ്യും. ആയതിനാൽ പദ്ധതിയുടെ നേട്ടങ്ങൾ ഭൂമി ഏറ്റെടുക്കൽ മൂലം ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങളേക്കാൾ വലുതാണ് എന്ന് കരുതാവുന്നതാണ്.

**11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

പാലക്കാട് ജില്ലയിൽ, പട്ടാമ്പി താലൂക്കിൽ പട്ടാമ്പി - പള്ളിപ്പുറം ജംഗ്ഷൻ റയിൽവേ സ്റ്റേഷനുകൾക്കിടയിലാണ് ലെവൽ ക്രോസ് നമ്പർ 167 സ്ഥിതി ചെയ്യുന്നത്. പരുതൂർ വില്ലേജിൽ ബ്ലോക്ക് 18 ൽ നിന്നും 0.9500 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതി മൂലം 20 ഭൂവുടമകൾക്ക് വിവിധ വിധത്തിലുള്ള നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെങ്കിലും പദ്ധതി, പ്രദേശത്തിന്റേത് മാത്രമല്ല ജില്ലയുടെയും സമഗ്ര വികസനത്തിന് കാരണമാകും. എന്നതിനാൽ പ്രദേശവാസികൾക്കും പദ്ധതി ബാധിത കുടുംബങ്ങളിൽ ഭൂരിഭാഗം കുടുംബങ്ങൾക്കും പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു. ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും

പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 &കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരവും പദ്ധതിബാധിത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം, പുനഃര ധിവാസം, പുനഃസ്ഥാപനം എന്നിവ നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബ ങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

ആയതിനാൽ കുടുംബങ്ങൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവ യഥാസമയം നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് കൊണ്ടും പാലക്കാട് ജില്ലയിൽ, പട്ടാമ്പി പരുതൂർ വില്ലേജിൽ ബ്ലോക്ക് – 18 ൽ നിന്നും,സുശീലപടി റെയിൽവേ മേൽപ്പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരു ത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 & കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപ നത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No. 485/2015/RD പ്രകാരവും, 29/12/2017 തീയതിയിലെG.O(MS) No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനരധിവാസ – പുനസ്ഥാപനം എന്നിവ പദ്ധതി ബാധിതർക്ക് നൽകുക.

- പദ്ധതിക്ക് വേണ്ടി കുടിയോഴിയേണ്ടി വരുന്ന 3 കുടുംബങ്ങൾക്ക് സുരക്ഷിതവും, സുഗമവു മായ താമസം ഉറപ്പുവരുത്തികൊണ്ട് നിലവിലെ സൗകര്യങ്ങളിൽ കുറവു വരാത്തവിധം നിയമാനുസൃതമായ പുനരധിവാസ–പുനസ്ഥാപന നടപടികൾ സമയാധിഷ്ഠിതമായി നടപ്പിലാക്കുക.
- ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന സ്ഥലം പുനരുപയോഗത്തിന് അപര്യാപ്തമെങ്കിൽ നിജസ്ഥിതി പരിശോധിച്ച് പൂർണ്ണമായ ഏറ്റെടുക്കലിന് പരിഗണിക്കുകയോ, ടി ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ പരിമിതപ്പെടുത്തുന്നതിനുള്ള സാങ്കേതിക സാധ്യത പരിശോധിച്ച് സാധ്യമായ നടപടികൾ കൈകൊള്ളുകയോ ചെയ്യുക
  - ഉപജീവനമാർഗംനഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യ ങ്ങൾക്ക് ഭംഗംനേരിടാതിരിക്കുന്നതിന്സമയാധിഷ്ടിതമായിനഷ്ടപരിഹാരം നൽകുക.
  - പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള കുടുംബ ങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.

  - പദ്ധതി നിർമ്മാണഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണ ഘട്ട ത്തിനു മുൻപേ തന്നെ ആസൂത്രണം ചെയ്യണം. നിർമ്മാണഘട്ടത്തിൽ തൊഴിലാളിക ളുടെയും പ്രദേശവാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻകരുതലുകൾ സ്വീകരിക്കണം.
  - പദ്ധതിനിർമ്മാണഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസ മയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം
  - പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013

2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം

4. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No. 448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം

5. റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് കാര്യാലയത്തിൽനിന്നും ലഭ്യമായവിശദമായ പദ്ധതി രേഖ

6. 2024 ഡിസംബർ 18–ാം തീയതിയിലെ Vol.No. XIII 4000–ാം നമ്പർ കേരളഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ പാലക്കാട് ജില്ലാകളക്ടറുടെ 2024 ഡിസംബർ 17–ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCPKD/1375/2024-C4 പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.